**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1981** **07.12.2015 ന് മറുപടിയ്ക്ക്**

**അങ്കമാലി എക്സൈസ് ഓഫീസ്**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ :** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സർക്കാർ ഓഫീസുകൾ മിനിസിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുമ്പോൾ ഒഴിവായി കിട്ടുന്ന സ്ഥലത്ത് നിർമ്മിക്കാവുന്ന പുതിയ കെട്ടിടത്തിലേയ്ക്ക് അങ്കാമലി എക്സൈസ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷകളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ; | (എ) | 25.11.2011 ലെ റവന്യൂ വകുപ്പിന്റെ ജി.ഒ.(എം.എസ്.) നമ്പർ.431/2011/റവന്യൂ ഉത്തരവു പ്രകാരം നിലവിൽ എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്ന അങ്കമാലി വില്ലേജിൽ, ബ്ലോക്ക് നമ്പർ 11- ൽ സർവ്വേ നമ്പർ 581/3 –ൽ 13.40 ആർ സ്ഥലം എക്സൈസ് വകുപ്പിന്റെ പേരിൽ തനതായി കൈമാറ്റം ചെയ്ത് കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 162 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, പ്ലാനും ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി എക്സൈസ് ഓഫീസിന്റെ പ്രവർത്തനം താല്ക്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | അങ്കമാലി എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് നിലനിർത്തുന്നതുമൂലം സിവിൽ സ്റ്റേഷന്റെ പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുമെന്ന് കരുതുന്നില്ല. |
| (സി) എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**